ബഹു. ഹൈക്കോടതി 30107/13 ഉം മറ്റനുബന്ധ കേസുകളിലെയും 15-1-2015-ലെ വിധിയിലൂടെ പാക്കേജും അനുബന്ധ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ W.A:812/15 എന്ന നമ്പറിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അന്തിമവിധി ലഭ്യമായിട്ടില്ല.

(സി) പാക്കേജിന് രൂപംനല്കി പുറപ്പെടുവിച്ച 1-10-2011-ലെ ജി.ഒ (പി) 199/11/പൊവിവ. നമ്പർ ഉത്തരവ്, അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച 23-12-2014 ലെ സ.ഉ(പി)278/14/പൊവിവ. എന്നീ ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നല്കി ശമ്പളം നൽകി. കൂടാതെ 2987 പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കും തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്ടെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. 23-12-2014-ലെ സ.ഉ.(പി)നമ്പർ 278/14/പൊവിവ. പ്രകാരം അധ്യാപകബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പാക്കേജ് ഉത്തരവുകളെല്ലാം ബഹു.ഹൈക്കോടതി റദ്ദുചെയ്തിരിക്കുന്ന സാഹചര്യത്തിലും അപ്പീലിന്മേൽ അന്തിമവിധിയാകാത്തതിനാലും ബാങ്ക് രൂപീകരണത്തിനുള്ള തുടർ നടപടികൾക്ക് തത്ക്കാലം നിർവ്വാഹമില്ല.

കയർ വ്യവസായത്തിന്റെ പുരോഗതി

6 (*96) <u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കയർ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ളതാണ് ഈ പുതിയ പദ്ധതി. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മുടക്കംകൂടാതെ തൊഴിൽ നൽകുന്നതിനും കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനും കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും ലക്ഷ്യമിട്ടാണ് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് വർദ്ധിപ്പിച്ച തോതിൽ ഇൻസെന്റീവ് നൽകിക്കൊണ്ടും കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുന്നവർക്ക് വാഹന വാടക നൽകിക്കൊണ്ടും തൊഴിലാളികൾ തൊണ്ട് സംഭരിച്ച് നൽകുമ്പോൾ തൊണ്ട് ശേഖരിക്കുന്ന തൊഴിലാളിക്ക് പ്രതിദിന വേതനവും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും ഓരോ 100 ഉണക്കത്തൊണ്ടിനും സർക്കാർ വിഹിതം നൽകിയും തൊണ്ട് സംഭരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനം കൂടാതെ സംഭരണ ഇൻസെന്റീവും ലഭിക്കുന്ന തരത്തിലും കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

5-2-2015-ലാണ് പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥർ, കയർ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടും, എല്ലാ കയർ പ്രോജക്ട് ഓഫീസുകളുടെയും പരിധിയിൽ വരുന്ന കയർ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly